ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ മാത്രമേ 10,000 രൂപ വീതം സംഭാവന നല്കുവാൻ ഉത്തരവ് നല്കിയിട്ടുള്ളു.

(സി) 5,000 രൂപ വീതം നൽകിക്കൊണ്ട് സംഘത്തിൽ അംഗങ്ങളായി ചേരുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മേൽപ്പറഞ്ഞ ഫണ്ട് വിനിയോഗങ്ങളെല്ലാം ഗവൺമെൻറ് ഉത്തരവ് അനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

പഞ്ചായത്തുകൾക്ക് 1986-87-ൽ അനുവദിച്ച ഗ്രാൻറ്

1569. [2337] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഏതെങ്കിലും ഗ്രാൻറുകൾ വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഗ്രാൻറ് ലഭിച്ച പഞ്ചായത്തുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാൻറ് അനുവദിച്ചതിൻെറ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. † പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി വരുന്നു.

പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറ്

1570. [2338] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1985-86, 1986-87 എന്നീ വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

1985-86-ൽ നൽകിയ സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. ‡

1986-87-ൽ സ്പെഷ്യൽ ഗ്രാൻറ് ഇതുവരെ നല്കിയിട്ടില്ല.

കരകുളം പഞ്ചായത്തിന് 1985-86-ൽ അനുവദിച്ച മൊത്തം ഗ്രാൻറ്

1571. [2339] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) നെടുമങ്ങാട് മണ്ഡലത്തിലെ കരകുളം പഞ്ചായത്തിന് 1985-86 സാമ്പത്തിക വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച മൊത്തം ഗ്രാൻറ് എത്ര ;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര രൂപ വീതം ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം VI

‡ അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2 338 കാണുക)

നമ്പർ	ജില്ല	തുക
1	തിരുവനന്തപുരം	5,76,000
2	കൊല്ലം	5,76,000
3	പത്തനംതിട്ട	5,04,000
4	ആലപ്പുഴ	7,92,000
5	കോട്ടയം	6,00,000
6	ഇടുക്കി	5,04,000
7	എറണാകുളം	9,00,000
8	തൃശ്ശൂർ	8,40,000
9	പാലക്കാട്	9,60,000
10	മലപ്പുറം	9,60,000
11	കോഴിക്കോട്	7,20,000
12	വയനാട്	3,12,000
13	കണ്ണൂർ	6,48,000
14	കാസർകോട്	3,60,000
	അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവന സംഭവന	3,88,000
	ആകെ	97,00,000

(തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly